DESPATCHED
On...04/03/2020

10/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.1098(6)/2014/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.14703/എസ്.ഐ.സി-ജി 5/2014)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. എടാട്ടയിൽ തോമസ്
കൂവ്വപ്പ, കൂറ്റൂർ പി.ഒ, തളിപ്പറമ്പ്,
കണ്ണൂർ- 670 306
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജൂനിയർ സൂപ്രണ്ട് (എ) സെക്ഷൻ,
ജില്ലാ കളക്ടറേറ്റ്,
കണ്ണൂർ.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22.07.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.08.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.09.2014 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 22.09.2014 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 10.02.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എടാട്ടയിൽ തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് തെറ്റായ മറുപടിയാണ് എതിർകക്ഷി നൽകിയതെന്നും ആയതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ച ത്, എടാട്ടയിൽ മേരി എന്നവർ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ 2013 ൽ പരാതിയിൽ ബോധിപ്പിച്ച പ്രകാരം കൂറ്റൂർ വില്ലേജിൽ റീ സർവ്വേ 77/141 പ്പെട്ട വസ്തുവിൽ ലക്ഷ്മിയമ്മയിൽ നിന്നും എടുത്ത TLB 536/73 നമ്പർ പ്രകാരം ഏറ്റുവാ ങ്ങിയ വസ്തുവിന്റെ ഉടമസ്ഥാവകാശം കാണിക്കുന്ന രേഖയുടെ പകർപ്പ് നൽകണ മെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയി ച്ചത്, ഹർജിക്കാരൻ 2629/2000 നമ്പർ ആധാര പ്രകാരം വാങ്ങിയ 10 സെന്റ് ശ്രീമതി വേങ്ങയിൽ ലക്ഷ്മിയമ്മയിൽ നിന്ന് TLB 536/73 പ്രകാരം ഏറ്റെടുത്ത 56.53 ഏക്കർ മിച്ച ഭൂമിയിൽപ്പെട്ടതും ടിയാൾ മേൽപ്പടി സ്ഥലം വാങ്ങിയത് മലബാർ ആയുർവേദിക് കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീ.അച്യുതന് കമ്പനി വക കൈവശം വയ്ക്കുന്ന സ്ഥലത്തു നിന്നുമാണെന്നും മേൽപ്പടി സ്ഥലത്തിന്റെ അവകാശം സ്ഥാപിച്ചു കിട്ടുന്ന തിനായി സുപ്രീം കോടതിയിൽ SLP CC 1805-1806 നമ്പരായി ഫയൽ ചെയ്ത കേസ് നിലവിലുള്ളതാണെന്നും ആയതിനാലാണ് ഭൂനികുതി സ്വീകരിക്കാത്തതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ശ്രീമതി. ലക്ഷ്മിയമ്മയുടെ സ്ഥലത്തിന്റെ പകർപ്പ് എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമല്ലെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജി ക്കാരൻ ആവശ്യപ്പെട്ട വിവരം TLB കേസ്സുമായി ബന്ധപ്പെട്ടതായിരുന്നുവെന്നും ആയതിനാൽ മേൽപ്പടി രേഖ തളിപ്പറമ്പ ലാന്റ് ബോർഡിൽ നിന്ന് വാങ്ങാൻ ഹർജി ക്കാരന് നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതിന്റെ പകർപ്പ് ലാന്റ് ബോർഡിനും അയച്ചു നൽകിയിരുന്നുവെന്നും പിന്നീട് സെപ്റ്റംബർ 2014 ൽ ബന്ധപ്പെട്ട രേഖ

RIGHT TO INFORMATION

ഹർജിക്കാരന് നൽകിയതായി ലാന്റ് ബോർഡ് അറിയിച്ചിരുന്നുവെന്നും ഫയലിൽ കാണുന്നുവെന്നും മറ്റുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja

RIGHT TO INFORMATION